# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5508** **02-11-2016-ൽ മറുപടിയ്ക്ക്**

## വാണിജ്യ നികുതി വരുമാനത്തിൽ വർദ്ധനവ്

| | ചോദ്യം<br>ശ്രീ. പി.കെ.ബഷീർ | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വാണിജ്യ നികുതി വരുമാനത്തിൽ എത്ര ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാണിജ്യ നികുതി വരുമാനത്തിൽ 10 ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. |
| (ബി) | നികുതി ചോർച്ച തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ; നടപ്പ് വർഷത്തിൽ ഓരോ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ നിന്നും ലഭിച്ച നികുതി വരുമാനം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | നികുതി ചോർച്ച തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി വിവിധ വകുപ്പുകളിൽ ആവിഷ്കരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>I. **വാണിജ്യ നികുതി വകുപ്പ്**<br>**1.** കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്കൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.<br>**2.** ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെതന്നെ കംപ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ് ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.<br>**3.** കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും<br>**4.** ചെക്ക്പോസ്റ്റുകളെ ആധുനിക ഡാറ്റാ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റും<br>**5.** അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.<br>**6.** റിട്ടേൺ സ്കൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും<br>**7.** റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.<br>**8.** നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>**9.** ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതാണ്. |

| | | | |
|---|---|---|---|
| | | | **10.** നികുതി ഉപദേശക സേവന യൂണിറ്റ് ആരംഭിക്കും<br>**11.** വാറ്റ് കൺസൾട്ടേറ്റീവ് കമ്മിറ്റി പ്രവർത്തന ക്ഷമമാക്കും<br>**12.** കെ.ജി.എസ്.റ്റി. കുടിശ്ശിക പിരിക്കുന്നതിനും അനുമാന നികുതിദായകർക്കും ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.<br>**II. <u>രജിസ്ട്രേഷൻ വകുപ്പ്</u>**<br>രജിസ്ട്രേഷൻ വകുപ്പിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി 1986 മുതൽ 2010 വരെയുള്ള അണ്ടർ വാല്യുവേഷൻ കേസുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ നടത്തുവാൻ നിശ്ചയിച്ചു. 2016 ഫിനാൻസ് ബില്ലിലൂടെ വിലയാധാരങ്ങളുടെ മുദ്രനിരക്ക് 6 ശതമാനം എന്നുള്ളത് 8 ശതമാനമായി വർദ്ധിപ്പിച്ചു. അതോടൊപ്പം കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഒഴിമുറി, ദാനം, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ മുദ്രപത്രനിരക്ക് ഒരു ശതമാനത്തിൽനിന്നും 3 ശതമാനമായി വർദ്ധിപ്പിക്കുകയും 1000/- രൂപ എന്ന പരിധി ഒഴിവാക്കുകയും ചെയ്തു.<br>ടി ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 18-07-2016-ൽ പരമാവധി 25,000/- രൂപ എന്നുള്ള പരിധി ഒഴിവാക്കി ഒരു ശതമാനമായി നിലനിർത്തി. വിലയാധാരങ്ങളുടെയും, കുടുംബാധാരങ്ങളുടെയും നികുതി വർദ്ധിപ്പിച്ചു<br>**III. <u>ലാന്റ് റവന്യൂ വകുപ്പ്</u>**<br>ലാന്റ് റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഡംബര നികുതി, സർക്കാർ കുടിശ്ശികയുള്ള റവന്യൂ റിക്കവറി എന്നീ ഇനങ്ങളിലെ പിരിവ് പുരോഗതി വിലയിരുത്തുന്നതിനും, നിർദ്ദേശങ്ങൾ നൽകുന്നതിനും താലൂക്ക് അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാർക്ക് ചാർജ്ജ് നൽകുന്നതിനും ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് വീഴ്ച വരുത്തിയ താലൂക്ക് തഹസിൽദാർ, വില്ലേജ് ഓഫീസർമാർ, റവന്യൂ റിക്കവറി തഹസിൽദാർ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലകളിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ മേൽ വിഷയങ്ങൾ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ കൂടി ഉൾപ്പെടുത്തുന്നതിനും സ്റ്റേ നീക്കം ചെയ്യുന്ന വിഷയത്തിൽ ലോ ഓഫീസറുടെ സേവനം കൂടി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാന്റ് റവന്യൂ ഇനങ്ങളായ കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനായി 01-08-2016 മുതൽ താലൂക്ക് - ജില്ലാ തലത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്.<br>**IV. <u>എക്സൈസ് വകുപ്പ്</u>**<br>എക്സൈസ് വകുപ്പിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉത്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തി |

വരുന്നത്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽനിന്നും വ്യാജ മദ്യങ്ങൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്.

**V. <u>മോട്ടോർ വാഹന വകുപ്പ്</u>**

15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള നോൺ ട്രാൻസ്പോർട്ട് ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 'ഗ്രീൻ ടാക്സ്' ചുമത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. അധിക നികുതി സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നടപ്പ് വർഷത്തിൽ ഓരോ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ നിന്നും ലഭിച്ച നികുതി വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് വരുന്നതേയുള്ളൂ.

**(സി)** ചെക്ക് പോസ്റ്റുകളിലെ വരുമാനത്തിൽ വന്ന കുറവ് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; എല്ലാ ചെക്ക് പോസ്റ്റുകളിലും വാളയാർ ചെക്ക് പോസ്റ്റ് മോഡൽ ഏർപ്പെടുത്തി നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**(സി)** ചെക്ക് പോസ്റ്റുകളിലെ വരുമാനത്തിൽ കുറവ് വന്നിട്ടില്ല. കഴിഞ്ഞ 5 വർഷങ്ങളിലെ ചെക്ക് പോസ്റ്റുകളിൽ നിന്നുള്ള വരുമാനം ചുവടെ ചേർക്കുന്നു.

| വർഷം | ചെക്ക് പോസ്റ്റുകളിൽനിന്നുള്ള വരുമാനം (തുക കോടി രൂപയിൽ) |
|---|---|
| 2011-12 | 659.72 |
| 2012-13 | 925.01 |
| 2013-14 | 1021.76 |
| 2014-15 | 1093.56 |
| 2015-16 | 1094.18 |

ജി.എസ്.ടി.യിലേക്ക് മാറുന്നതിന്റെ ഭാഗമായി വാളയാർ ചെക്ക്പോസ്റ്റ് ഉൾപ്പെടെയുള്ള ചെക്ക്പോസ്റ്റുകൾ ആധുനിക സൗകര്യങ്ങളോടുകൂടിയ ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ ആക്കി മാറ്റാൻ 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

Jeyn

**സെക്ഷൻ ഓഫീസർ.**